**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2242** **05-02-2026 - ൽ മറുപടിയ്ക്ക്**

**കോട്ടൂർ ഗ്രാമപഞ്ചായത്തിൽ പ്രകൃതി ചികിത്സാ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതി ചികിത്സ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള മിനിമം സൗകര്യങ്ങൾ ഉറപ്പ് വരുത്തി ഒ.പി. സൗകര്യങ്ങളോ, കിടത്തി ചികിത്സാ സൗകര്യങ്ങളോ ഉള്ള പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കാവുന്നതാണ്.<br><br>ഭാരതീയ ചികിത്സാ വകുപ്പിൻ കീഴിൽ സർക്കാർ തലത്തിൽ പുതുതായി പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുമെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി തീരുമാനവും, ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം കണ്ടെത്തിയ കെട്ടിടം സ്ഥാപനം പ്രവർത്തിക്കുന്നതിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ച ഭാരതീയ ചികിത്സാ വകുപ്പിലെ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരിശോധിച്ച ശേഷം പ്രൊപ്പോസൽ അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നു. അപ്രകാരം ലഭിക്കുന്ന പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നു. |
| (ബി) | ബാലുശ്ശേരി കോട്ടൂർ ഗ്രാമപഞ്ചായത്തിൽ പ്രകൃതി ചികിത്സ കേന്ദ്രം ആരംഭിക്കുന്നതിനായി കോട്ടൂർ ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ബാലുശ്ശേരി കോട്ടൂർ ഗ്രാമപഞ്ചായത്തിൽ പ്രകൃതി ചികിത്സ കേന്ദ്രം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക് ലഭിച്ചിട്ടുള്ളതും പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യം ഉൾപ്പെടെ പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് അന്വേഷിച്ച റിപ്പോർട്ട് സമർപ്പിക്കാൻ നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ജില്ലാ പ്രോഗ്രാം മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ